# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2491 19.12.2012-ൽ മറുപടിയ്ക്ക്

### മെഡിക്കൽ കോളേജുകളിലെ റേഡിയോഗ്രാഫർ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതൊഴിവാക്കി മുഴുവൻ ഒഴിവുകളും പി.എസ്.സിയ്ക്കു റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) & (ബി)<br><br>സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ വരുന്ന ഒഴിവ് പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് നികത്തി വരുന്നു. എന്നാൽ പുതിയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റുമായി കൂടുതൽ റേഡിയോഗ്രാഫർമാരുടെ ആവശ്യകതയുള്ള അവസരത്തിൽ അത് എച്ച്. ഡി. എസ്. മുഖേന താൽക്കാലിക നിയമനം നടത്തി പരിഹരിച്ചുവരുന്നു. അനുവദിക്കപ്പെട്ടിട്ടുള്ള തസ്തിക മാത്രമേ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ